# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3585

10/04/2013 - ലെ മറുപടിയ്ക്ക്

## സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. സാജു പോൾ<br>ശ്രീ. എം. ഹംസ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണ ഫലം ഏതെങ്കിലും കൃഷിക്കാരന് ലഭിക്കുകയുണ്ടായോ; എങ്കിൽ വിശദമാക്കുമോ; | **(എ)** സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ. സർക്കാർ ഉത്തരവ് (എം.എസ്.) നം.55/2012/എ.ഡി. തീയതി 17/03/2012 അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകൃത ലിസ്റ്റിലുള്ള കൺസൾട്ടൻസിയെ തെരഞ്ഞെടുത്ത് എല്ലാ വിളകൾക്കും പരിരക്ഷ ലഭിക്കുംവിധം നിലവിലുള്ള എല്ലാ ഇൻഷ്വറൻസ് പദ്ധതികളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ബി)** കഴിഞ്ഞ രണ്ടു വർഷം പദ്ധതിക്കു വേണ്ടി ഖജനാവിൽ നിന്നും എന്തു തുക ചെലവഴിക്കുകയുണ്ടായി; ഏതെല്ലാം കൃഷികളെയാണ് പദ്ധതിയിലുൾപ്പെടുത്തിയത്; വ്യക്തമാക്കുമോ ? | **(ബി)** പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ഖജനാവിൽ നിന്നും തുകയൊന്നും ചിലവഴിച്ചിട്ടില്ല. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സമഗ്ര നെൽകൃഷി ഇൻഷ്വറൻസ് പദ്ധതി, ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ ഉൾപ്പെട്ട എല്ലാ വിളകളേയും ഉൾപ്പെടുത്തി സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ